# കേരള സർക്കാർ
# തുറമുഖ വകുപ്പ്
# ദർഘാസ് പരസ്യം

കേരള ഗവർണ്ണർക്കുവേണ്ടി ................................. പോർട്ട് കൺസർവേറ്റർ...................... തുറമുഖ പരിധിയിലുള്ള ഒന്നു മുതൽ ................................. വരേയുള്ള (മൊത്തം...............നമ്പർ) സോണുകളിൽ നിന്നും വർഷാവർഷമുള്ള സെഡിമെന്റേഷൻ മാനുവൽ ഡ്രഡ്ജിംഗ് വഴി നീക്കം ചെയ്യുന്നതിനും അതുവഴി ലഭ്യമാവുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയൽ സർക്കാരിനും, ഉപഭോക്താവിനും ഗുണകരമായ വിധത്തിൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായി വില്പന നടത്തുന്നതിനും വേണ്ടി 1969-ലെ കോ -ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതും തദ്ദേശീയവാസികളായ, പരമ്പരാഗതമായി തുറമുഖാതിർത്തിയിൽ മണൽ വാരൽ തൊഴിലാളികളുടെ ഉപജീവനം മുഖ്യലക്ഷ്യമായി രൂപീകൃതമായതും ഈ തൊഴിലാളികളുടെ ഉപജീവനത്തിനായി പ്രവർത്തിക്കുന്നതും തുറമുഖ പരിധിക്ക് 10 കിലോമീറ്റർ ചുറ്റളവിൽ പ്രവർത്തന മണ്ഡലവും ആഫീസും പ്രവർത്തിക്കുന്നതും, പ്രവർത്തന സജ്ജമായതുമായ സൊസൈറ്റികളിൽ നിന്നും പ്രത്യേകം പ്രത്യേകം മുദ്രവെച്ച കവറുകളിൽ ദർഘാസ് ക്ഷണിക്കുന്നു.. ടെണ്ടർ വ്യവസ്ഥകൾ പോർട്ട് കൺസർവേറ്ററുടെ ഓഫീസിൽ നിന്ന് നേരിട്ട് 1000 രൂപാ അടച്ച് വാങ്ങുകയോ പോർട്ടിന്റെ വെബ് സൈറ്റിൽ നിന്ന് (www.keralaports.gov.in) ഡൌൺലോഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

ദർഘാസുകൾ ...............................-ന് രാവിലെ **11.00** (പതിനൊന്ന് ) മണിവരെ ഇതേ ഓഫീസിൽ സ്വീകരിക്കുന്നതാണ് . നിശ്ചിതസമയത്തിനകം ലഭിക്കുന്ന ദർഘാസുകൾ അന്നേ ദിവസം രാവിലെ **11.30** മണിക്ക് താഴെ ഒപ്പുവച്ച ഉദ്യോഗസ്ഥൻ തദവസരത്തിൽ സന്നിഹിതരായ ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ.. .............പോർട്ട് ഓഫീസിൽ വച്ച് തുറക്കുന്നതാണ്. ദർഘാസ് ഫോറങ്ങളും നിബന്ധനകളും ഈ ഓഫീസിൽ നിന്നും ഇന്ന് മുതൽ ദർഘാസുകൾ തുറക്കുന്നതിന്റെ തലേ ദിവസം **4** മണിവരെ ലഭിക്കുന്നതാണ്. നിശ്ചിത സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകളും, അപൂർണ്ണവും അവ്യക്തവുമായ ദർഘാസുകളും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടി ദർഘാസ് മാറ്റി വയ്ക്കുന്നതിനും കാരണം കാണിക്കാതെ റദ്ദ് ചെയ്യുന്നതിനും താഴെ ഒപ്പുവെച്ച ഉദ്യോഗസ്ഥന് പൂർണ്ണ അധികാരമുണ്ടായിരിക്കും. ദർഘാസ് സ്വീകരിക്കുന്ന / തുറക്കുന്ന അവസാന തീയതി ആകസ്മികമായി അവധി / ഹർത്താൽ പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയം ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസമായും , ദർഘാസ് തുറക്കുന്ന ദിവസമായും പരിഗണിക്കുന്നതാണ് . ദർഘാസ് സംബന്ധിച്ച വിശദ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയം ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് . ............................പോർട്ട് കൺസർവേറ്ററുടെ പേരിൽ മാറാവുന്ന 25,000/- രൂപയുടെ കേരളത്തിൽ ബ്രാഞ്ചുള്ള ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ടെണ്ടറിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് .

**കൺസർവേറ്റർ ഓഫ് പോർട്ട്**

തീയതി :17/08/2013

സ്ഥലം : ................

Dated 17/08/2013

**<u>തുറമുഖ ത്തെ 2013-2014 വർഷത്തെ മാനുവൽ ഡ്രഡ്ജിംഗിനുള്ള ഓപ്പൺ ടെൻഡർ ഫോറം</u>**

സൂചന : 1. G.O.(MS)No.54/2013/F&PD dated 16/08/2013
2. G.O.(MS)No.29/2012/F&PD dated 13/04/2012
3. G.O.(MS)No.17/2010/F&PD dated 18/03/2010

എല്ലാക്രമ നമ്പരിനും കൃത്യമായ ഉത്തരം ബന്ധപ്പെട്ട കോളത്തിൽ " √ " ചെയ്യുകയോ / എഴുതുകയോ ചെയ്യേണ്ടതാ ണ്.

| **ക്രമ നമ്പർ** | | **മാന ദണ്ഡം / ടെണ്ടർ നിബന്ധനകൾ** | **ഉത്തരം** | |
|---|---|---|---|---|
| 1.<br>*1 | (a) | സഹകരണ സംഘത്തിന്റെ പേര് (സഹകരണ സംഘത്തിലെ അംഗങ്ങൾ തദ്ദേശ വാസികളായ , അതായത് ടെണ്ടർ നൽകുന്ന തുറമുഖ പരിധിയുടെ 10 കിലോമീറ്ററിനുള്ളിൽ സ്ഥിര താമസക്കാരായ, പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾ 1969-ലെ കോഓപ്പറേറ്റീവ് ആക്ട്പ്രകാരം രൂപീകരിച്ചതും മണൽ വാരൽ തൊഴിലാളികളുടെ ഉപജീവനം സംഘത്തിന്റെ മുഖ്യ ഉദ്ദേശലക്ഷ്യവു മായിരിക്കണം). | ----------------------------<br>---------------------------- | |
| | (b) | ബന്ധപ്പെട്ട സഹകരണ സംഘം രജിസ്ട്രാർ 1(a) -ൽ ബ്രാക്കറ്റിൽ പറഞ്ഞ മാനദണ്ഡം സാക്ഷ്യ പ്പെടുത്തിയ അനുമതി പത്രം ടെണ്ടറിൽ ഉള്ളടക്കം ചെയ്യേണ്ടതാണ് . | ഉള്ളടക്കം ചെയ്തിട്ടുണ്ട് | ഇല്ല |
| 2 | | രജിസ്റ്റർ ചെയ്ത ഓഫീസ് വിലാസവും, ലാന്റ് ഫോൺ നമ്പറും (സംഘത്തിന്റെ ഓഫീസും പ്രവർത്തന മേഖലയും തുറമുഖ പരിധിയുടെ 10 കിലോമീറ്റർ ചുറ്റളവിലായിരിക്കണം ) | | |
| 3 | (a) | സഹകരണ സംഘത്തിന്റെ രജിസ്റ്റർ നമ്പറും രജിസ്റ്റർ ചെയ്ത തീയതിയും | ---------------------------- | |
| | (b) | ബന്ധപ്പെട്ട സഹകരണ സംഘം രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയും ബൈലോയുടേയും മെമ്പർഷിപ്പ് രജിസ്റ്ററിന്റേയും (എ ക്ലാസ്സ്,ബി ക്ലാസ്സ്,സി ക്ലാസ്സ് എന്നിവ തിരിച്ച്) പകർപ്പ് ടെണ്ടർ ഫോമിന്റെ കൂടെ ഉള്ളടക്കം ചെയ്യേണ്ടതാണ്.. | ഉള്ളടക്കം ചെയ്തിട്ടുണ്ട് | ഇല്ല |
| 4 | (a) | മറ്റ് മേഖലകളിൽ പ്രവർത്തിച്ചിരുന്ന സഹകരണ സംഘം, തുറമുഖ വകുപ്പിന്റെ മാനുവൽ ഡ്രഡ്ജിംഗ് വ്യവസ്ഥകൾക്കനുയോജ്യ മായ വിധത്തിൽ നിയമാവലിയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ ? | ഉണ്ട് | ഇല്ല |
| | (b) | (എ) ഉണ്ടെങ്കിൽ എന്ത് ഉദ്ദേശലക്ഷ്യത്തിനാണ് ബൈലോയിൽ മാറ്റങ്ങൾ വരുത്തിയത് ?<br>സംഘം രൂപം കൊണ്ടപ്പോൾ മുതൽ പ്രവർത്തിച്ചിരുന്ന പ്രവർത്തനത്തിലും പ്രവർത്തന മേഖലയിലും പിൽക്കാലത്ത് മാറ്റം വരുത്തിയിട്ടു ണ്ടെങ്കിൽ മാറ്റം വരുത്തിയിരിക്കുന്നത് എപ്പോൾ (തീയതി) | ഉണ്ടെങ്കിൽ<br>(എ)------------------------<br>----------------------------<br>(ബി)---------------------- | |
| 5 | i | സഹകരണ സംഘം പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേര് , അഡ്രസ്സ്,ഫോൺ നമ്പർ. | പ്രസിഡന്റ്<br>സെക്രട്ടറി | |

| | | | | |
|---|---|---|---|---|
| | ii | ടെണ്ടർ നടപടികൾക്കായും മാന്വൽ ഡ്രഡ്ജിങ്ങുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് എഗ്രിമെന്റ് കാലയളവിൽ സംഘത്തിനെ പ്രതിനിധീകരിക്കാനും ചുമതലപ്പെടുത്തിയ വ്യക്തി പ്രസിഡന്റ്/ സെക്രട്ടറി എന്നിവർ അല്ലെങ്കിൽ പ്രസ്തുത വ്യക്തിയുടെ പേര്, അഡ്രസ്സ ഫോൺ നമ്പർ , (സംഘം , മാന്വൽ ഡ്രഡ്ജിംഗിനായി ടെണ്ടർ നൽകാൻ തീരുമാനിച്ചതിന്റെയും ടെണ്ടർ നൽകാനും / തിരഞ്ഞെടുക്കപ്പെട്ടാൽ എഗ്രിമെന്റ് വയ്ക്കുന്നും , എഗ്രിമെന്റ് കാലായളവിൽ സംഘത്തിനെ പ്രതിനിധീകരിക്കാനും ചുമതലപ്പെടുത്തിയിട്ടുള്ള അധികാരപ്പെടു ത്തിയതിന്റെ സാക്ഷ്യപത്രം സംഘത്തിന്റെ തീരുമാനമായി ഉള്ളടക്കം ചെയ്യണം) | ................................<br>................................<br>................................<br>................................<br>ഉള്ളടക്കം ചെയ്തിട്ടുണ്ട് | ഇല്ല |
| | iii | 5 (ii)-ൽ സൂചിപ്പിച്ചിട്ടുള്ള വ്യക്തിയുടെ സഹകരണ സംഘവുമായുള്ള ബന്ധം(President/ Secretary) അല്ലെങ്കിൽ | | |
| 6 | | സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ എ,ബി,സി ക്ലാസ്സ് തിരിച്ച് മൊത്തം സംഖ്യ രജിസ്റ്റർ പ്രകാരം എത്രയാണ് ? | A class......................<br>B class......................<br>C class...................... | |
| | | സഹകരണസംഘം രജിസ്ട്രർ സാക്ഷ്യപ്പെടുത്തിയ മെമ്പർഷിപ്പ് രജിസ്റ്ററിന്റെ പകർപ്പ് എ ക്ലാസ്സ്, ബി ക്ലാസ്സ്, സി ക്ലാസ്സ് എന്നിവ പ്രത്യേകം തിരിച്ച് ടെണ്ടറിൽ ഉള്ളടക്കം ചെയ്യേണ്ട താണ് | ഉള്ളടക്കം ചെയ്തിട്ടുണ്ട് | ഇല്ല |
| 7 | | നിരതദ്രവ്യത്തിന്റെ (രൂപ 25,000/-) വിശദവിവരങ്ങൾ (കേരളത്തിൽ ബ്രാഞ്ചുള്ള ഷെഡ്യൂൾഡ് ബാങ്കിന്റെ പേര് , ഡി ഡി നമ്പർ , തീയതി മുതലായവ) | | |
| 8 | | സഹകരണ സംഘം മാനുവൽ ഡ്രഡ് ജിംഗ് നടത്തുന്നത് (എ) ലാഭം നേടുന്നതിനാണോ അതോ (ബി) സംഘത്തിലെ തദ്ദേശ വാസികളായ പരമ്പരാഗത മണൽ വാരൽ തൊഴിലാളി അംഗങ്ങളുടെ ഉപജീവനാർത്ഥമാണോ ? | (എ) | (ബി) |
| 9 | | സംഘത്തിലെ സ്ഥിരം അംഗങ്ങളായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളെ ഉപയോഗിച്ച് തുറമുഖത്തെ സോണിൽ നിന്നും ഒരു ദിവസം എത്ര ടൺ ഡ്രഡ്ജ് ചെയ്ത് ശരാശരി നീക്കം ചെയ്യാൻ കഴിയും | | |
| 10 | | സഹകരണ സംഘത്തിലെ അംഗങ്ങളിൽ എത്ര ശതമാനം അംഗങ്ങൾ നേരിട്ട്, പൂർണമായും മാന്വൽ ഡ്രഡ്ജിംഗ് പ്രവർത്തിയിൽ ഏർപ്പെടുന്നതാണ്. (സംഘത്തിലെ 90% അംഗങ്ങളെങ്കിലും നേരിട്ട് മണൽ വാരൽ പ്രവർത്തിയിൽ ഏർപ്പെടുന്നവരും, പൂർണമായും മണൽ വാരൽ പ്രവർത്തിയിൽ മുഴുകി പ്രധാന ഉപജീവനമാർഗ്ഗമായവരും ആയ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളായിരിക്കണം- ( സഹകരണ സംഘം സെക്രട്ടറി ഇക്കാര്യത്തിന് ആവശ്യമായ സാക്ഷ്യപത്രം ടെണ്ടറിൽ ഉള്ളടക്കം ചെയ്യേണ്ടതാണ് ) | ശതമാനം :<br>ഉള്ളടക്കം ചെയ്തിട്ടുണ്ട് | ഇല്ല |
| 11 | | ഡ്രഡ്ജ് ചെയ്യപ്പെടുന്ന ഓരോ ടൺ പദാർത്ഥത്തിനും തുറമുഖവകുപ്പിലേക്ക് അടക്കാൻ തയ്യാറുള്ള പരമാവധി വില (രൂപ ടണ്ണിന് ) (ഈ വില ക്രമ നമ്പർ 12-ൽ രേഖപ്പെടുത്തുന്ന വിലനൽ വിലയുടെ 30 ശതമാനമെങ്കിലും മിനിമം ആയിരിക്കേണ്ടതാണ്). | അക്കത്തിൽ - Rs.<br>--------------------------<br>അക്ഷരത്തിൽ- രൂപ<br>--------------------------- | |

| | | | |
|---|---|---|---|
| 12 | ഡ്രഡ്ജ് ചെയ്യപ്പെടുന്ന ഓരോ ടൺ പദാർത്ഥത്തിനും മേൽ പറഞ്ഞ (തുറമുഖ വകുപ്പിലേക്ക് അടക്കേണ്ടതായ) തുകയും, റോയൽറ്റി, വാറ്റ്, വാഹന പാസ്സ് മറ്റെല്ലാ നിയമാനുസൃതമായ നികുതി/ഫീസുകളും, കൂലിയും, സംഘം അംഗങ്ങളുടെ ക്ഷേമത്തിനുമ്, ഉപജീവനത്തിനുമുള്ള മറ്റു ചിലവുകളും വാരുന്നതിനും സൂക്ഷിക്കുന്നതിനും, ജെട്ടി നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും, കീലിംഗിനും മറ്റുമുള്ള ചെലവുകളും, ലോഡിംഗ് എന്നിവയും, മറ്റെല്ലാ ചിലവുകളും ചേർത്ത് ജെട്ടിയുടെ യാർഡിൽ ഉപഭോക്താവിൽ നിന്നും ഈടാക്കാൻ ഉദ്ദേശിക്കുന്ന ഏറ്റവും കുറഞ്ഞ വിൽപ്പന വില (ഒരു ടണ്ണിന്റ്) (Sale price of dredged material by the permit holder at the kadavu in Rupees per tonne). | അക്കത്തിൽ - Rs. ---------------------------<br>അക്ഷരത്തിൽ- രൂപ ---------------------------- | |
| 13 | ഓരോ ടൺ പദാർത്ഥത്തിനും തുറമുഖ വകുപ്പിലേക്ക് അടക്കേണ്ട പരമാവധി വിലയും ഉപഭോക്താവിൽ നിന്നും ഈടാക്കാൻ ഉദ്ദേശിക്കുന്ന ഏറ്റവും കുറഞ്ഞ വിൽപ്പന വിലയും തമ്മിലുള്ള അന്തരം (ക്രമ.നം.12-11) | അക്കത്തിൽ - Rs. ---------------------------<br>അക്ഷരത്തിൽ- രൂപ -------------------------- | |
| 14 | സംഘത്തിന്റെ രജിസേർട്ട്ഡ് ഓഫീസും, പ്രവർത്തന മേഖലയും സംഘത്തിന്റെ നിയമാവലിയനുസരിച്ച് തുറമുഖപരിധിയുടെ 10(പത്ത്) കിലോമീറ്റർ ചുറ്റളവിലാണോ ? | അതെ | അല്ല |
| 15 | സഹകരണ സംഘത്തിന്റെ നിയമാവലി പ്രകാരം, പ്രധാന ഉദ്ദേശലക്ഷ്യം മാനുൽ ഡ്രഡ്ജിംഗും പരമ്പരാഗത തദ്ദേശിയരായ മണൽ വാരൽ തൊഴിലാളികളുടെ ഉപജീവനവും ആണോ ? (പരമ്പരാഗത , തുറമുഖ പരിധിയുടെ പത്തുകിലോമീറ്ററിനുള്ളിൽ സ്ഥിര താമസക്കാരായ മാനുൽ ഡ്രഡ്ജിംഗ് തൊഴിലാളികളായ സംഘത്തിലെ അംഗങ്ങളുടെ ഉപജീവനം സംഘത്തിന്റെ മുഖ്യലക്ഷ്യമായിരിക്കണം ) | അതെ | അല്ല |
| 16 | ജെട്ടിയിൽ പൊതുജനങ്ങൾക്ക് ഡ്രഡ്ജ്ഡ് മെറ്റിരീയൽ സംഘത്തിൽ നിന്ന് വാങ്ങാവുന്ന വില (കോളം 12-ലെ വില) പ്രദർശിപ്പിക്കുകയും ആ വിലയ്ക്ക ടോക്കൺ സമ്പ്രദായത്തിൽ, ഇ-ഗവേണൻസ് രീതിയിൽ സുതാര്യമായ ഒരു ബുക്കിംഗ് സിസ്റ്റത്തിലൂടെ സാധാരണ ജനങ്ങൾക്ക് ഡ്രഡ്ജ്ഡ് മെറ്റിരീയൽ ലഭ്യമാക്കാനും തയ്യാറാണോ | ആണ് | അല്ല |
| 17 | ശാസ്ത്രീയ പഠനത്തിലൂടെയും സർവേകളിലൂടെയും നിജപ്പെടുത്തിയ വാർഷിക സെഡിമെന്റേഷൻ (എക്കലടിയൽ) അടിസ്ഥാനപ്പെടുത്തി സംഘത്തിന് പരമാവധി ഓരോ മാസാടിസ്ഥാനത്തിൽ ഡ്രഡ്ജ് ചെയ്യാവുന്ന പദാർത്ഥത്തിന്റെ അളവും , തൂക്കവും, സ്ഥലവും നിജപ്പെടുത്തുന്നതായിരിക്കും . സെഡിമെന്റേഷന്റെ തോത് അനുസരിച്ച് ഈ അളവ് /ക്വാണ്ടിറ്റി വ്യത്യാസപ്പെടാനും സാധ്യതയുണ്ട്. ഇപ്രകാരം ഡ്രഡ്ജ്ഡ് മെറ്റിരീയലിന്റെ ക്വാണ്ടിറ്റി സംഘത്തിന് നിജപ്പെടുത്തുന്നത് സ്വീകാര്യമാണോ ? | ആണ് | അല്ല |
| 18 | സംഘത്തിലെ 90% അംഗങ്ങളെങ്കിലും നേരിട്ട് മാനുൽ ഡ്രഡ്ജിംഗ് പ്രവൃത്തി ചെയ്യുന്നവരാണോ ? | അതെ | അല്ല |
| 19. | അംഗങ്ങൾക്കെല്ലാം സഹകരണ സംഘം തിരിച്ചറിയൽ ചീട്ട് നൽകിയിട്ടുണ്ടോ? (തിരിച്ചറിയൽ കാർഡ് എഗ്രിമെന്റ് വയക്കുന്നതിനു മുൻപായി പോർട്ട് കൺസർവ്വേറ്ററെ കൌണ്ടർ സൈൻ ചെയ്യുന്നതിന് എൽപ്പിക്കേണ്ടതാണ് ) | അതെ | അല്ല |

| | | | |
|---|---|---|---|
| 20 | മാന്വൽ ഡ്രഡ്ജിംഗ് തൊഴിലാളികൾക്ക് എല്ലാവർക്കും അപകട ഇൻഷുറൻസ് എടുത്തിട്ടുണ്ടോ ? | അതെ | അല്ല |
| 21 | മാനുവൽ ഡ്രഡ്ജിംഗ് തൊഴിലാളികൾ ആരോഗ്യ ചീട്ട് എടുത്തിട്ടുണ്ടോ ? | അതെ | അല്ല |
| 22 | തിരിച്ചറിയൽ ചീട്ടിന്റെ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടോ ? | ഉണ്ട് | ഇല്ല |
| 23 | ഒരു സോണിൽ മാനദണ്ഡം എല്ലാം ശരിയായ ( eligible) സംഘങ്ങൾ ഒരേ നിരക്കുകൾ തന്നെ ക്വാട്ട് (quote) ചെയ്തതായി ടെണ്ടർ തുറക്കുമ്പോൾ വരികയും, അങ്ങനെ നിരക്കുകൾ തുല്യമായി വന്നാൽ ഏറ്റവും കൂടുതൽ തദ്ദേശവാസികളായ മണൽ വാരൽ പരമ്പരാഗത തൊഴിലായ എ ക്ലാസ്സ് അംഗങ്ങളുടെ അംഗസംഖ്യ; കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ ബോർഡ് അധികാരി സാക്ഷ്യ പ്പെടുത്തിയ ഐഡന്റിറ്റി കാർഡിൽ ജോലിയുടെ സ്വഭാവം മണൽ വാരൽ ആയി എഴുതിയിട്ടുള്ളത് ; മുൻകാലങ്ങളിൽ പോ ർട്ട് ഓഫീസിൽ മണൽ വാരലിനായി ചീന/ നാടൻ വള്ളം ഉപയോഗിക്കുന്നതിനായി പരമ്പരാഗത മണൽ വാരൽ തൊഴിലാളി പണം അടച്ചതിന്റെ രസീത് ; എ ക്ലാസ്സ് സൊസൈറ്റി അംഗത്വ ലിസ്റ്റിൽ "മണൽ തൊഴിലാളി" എന്ന് തൊഴിൽ കോളത്തിൽ രേഖപ്പെടുത്തിയ , തുറമുഖ പരിധിയിൽ 10 കിലോമീറ്റർ ചുറ്റളവിൽ സ്ഥിര താമസക്കാരായ, പരമ്പരാഗതമായി മണൽ വാരി ഉപജീവനം നടത്തുന്നവരുടെ എണ്ണം എന്നീ രേഖകളെ അടിസ്ഥാനപ്പെടുത്തി പെർമിറ്റ് നൽകേണ്ട സംഘത്തെ സോണിനുവേണ്ടി തിരഞ്ഞെടുക്കുന്നതായിരിക്കും. ഇതിനാവശ്യമായ മതിയായ രേഖകൾ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് ടെണ്ടറിന്റെ കൂടെ ഉള്ളടക്കം ചെയ്തിട്ടുണ്ടോ.? | ഉണ്ട് | ഇല്ല |
| 24 | തദ്ദേശവാസികളല്ലാത്തവരും സംഘത്തിലെ അംഗങ്ങളല്ലാത്തവരുമായ തൊഴിലാളികളെ സംഘത്തിന്റെ മാനുവൽ ഡ്രഡ്ജിംഗ് ജോലികൾക്ക് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? ( മെമ്പർമാരല്ലാത്തവ രെ ഉപയോഗിച്ച് സംഘം ഒരു ജോലി ദാതാവായി മാനുവൽ ഡ്രഡ്ജിംഗ് പ്രവൃത്തി നടത്താൻ പാടുള്ളതല്ല | ഉണ്ട് | ഇല്ല |
| 25 | സംഘം പ്രവർത്തനത്തിൽ ഏർപ്പെടാൻ ലക്ഷ്യമിടുന്ന പോർട്ടിലെ ഡ്രഡ്ജിംഗ് സോണിന്റെ പേര് (അല്ലെങ്കിൽ സോൺ നമ്പർ) മുൻ ഗണനാക്രമത്തിൽ (പോർട്ടിന്റെ നോട്ടീസ് ബോർഡിൽ സോണിന്റെ പേര് അല്ലെങ്കിൽ സോണിന്റെ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ട് ) | 1...............................<br>2...............................<br>3............................... | |
| 26 | താങ്കളുടെ സംഘം ആവശ്യപ്പെടുന്ന മേഖല (സോൺ) , ഒരു മാനുവൽ ഡ്രഡ്ജിംഗ് മേഖലയായി തുറമുഖവകുപ്പിന്റെ നോട്ടീസിൽ ഈ വർഷം പ്രഖ്യാപിച്ചിട്ടുള്ളതും, ഈ മേഖല പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ ഡ്രഡ്ജിംഗ് നടത്താൻ സാധിക്കുന്നതുമാണോ ? | ആണ് | അല്ല |
| 27 | ഈ മേഖലയിൽ/സോണിൽ നിന്നും വാരിയപദാർത്ഥം സോണിന്റെ കരയിൽ എത്തിക്കുന്നതിന് തടികൊണ്ട് (തെങ്ങിൻ തടി, കമുങ്ങിൻ തടി, മറ്റു തടികൾ) ബലവത്തായി വള്ളങ്ങൾ അടുക്കുന്നതിനും, പുഴക്കരയിടിയാതെയും, ഡ്രഡ്ജ്ഡ് മെറ്റീരിയൽ പുഴയിലേക്ക് വീണ്ടും വീഴാതെയും ഇറക്കുന്നതിനുമായി താൽക്കാലിക ജെട്ടിയും അതിനുപുറകിലായി പരിസ്ഥിതിക്ക് യാതൊരു കോട്ടവും തട്ടാത്തവിധം കയറ്റിറക്കിനും സൂക്ഷിക്കുന്നതിനും മറ്റും ആവശ്യമായ യാർഡും | ഉണ്ട് | ഇല്ല |

| | | | |
|---|---|---|---|
| | സ്ഥല സൌകര്യങ്ങളും ലഭ്യമാണോ ? (സുരക്ഷിതമായ, പരിസ്ഥിതി സൌഹൃത താൽക്കാലിക ജെട്ടിയുടെയും യാർഡിന്റെയും ഡിസൈൻ പോർട്ടിന്റെ ജെട്ടി സേഫ്റ്റി ഓഡിറ്റ് കമ്മിറ്റി അംഗീകരിച്ചശേഷമായിരിക്കണം പണി ആരംഭിക്കേണ്ടത്). | | |
| 28 | താങ്കളുടെ സംഘത്തിന് മേഖല അനുവദിക്കുകയാണെങ്കിൽ പ്രസ്തുത തടി കൊണ്ടുണ്ടാക്കുന്ന താൽക്കാലിക ജെട്ടിയിൽ നിന്നോ, യാർഡിൽ നിന്നോ, യാർഡിൽ വന്ന് പോകുന്ന വാഹനങ്ങളിൽ നിന്നുള്ള ഓയിലോ, ഊറൽ മണ്ണ് മറ്റ് വസ്തുക്കളും തിരികെ നദിയിൽ വീഴാനും, വീണ്ടും പുഴ സൈഡിൽ സെഡിമെന്റേഷൻ ഉണ്ടാകാനും , ജലം മലിനമാകാനും സാദ്ധ്യതയുണ്ടോ ? | ഉണ്ട് | ഇല്ല |
| 29 | വെള്ളത്തിൽ നിന്നും ഡ്രഡ്ജ്ഡ് മെറ്റീരിയൽ കൊണ്ടുവന്ന് കരയ്ക്ക് ഇറക്കുന്നതിന് ഉണ്ടാക്കുന്ന തടികൊണ്ടുള്ള താൽക്കാലിക ജെട്ടിയും, മെറ്റീരിയൽ വാഹനത്തിൽ നീക്കം ചെയ്യുന്നതുവരെ സൂക്ഷിക്കാനുള്ള യാർഡും തുറമുഖവകുപ്പിന്റെ ജെട്ടി സേഫ്റ്റി ഓഡിറ്റ് ടീമിനെക്കൊണ്ട് പരിശോധിപ്പിച്ച് ഡ്രഡ്ജിംഗ് ആരംഭിക്കുന്നതിനുമുൻപ് ജെട്ടി സേഫ്റ്റിസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് . | ചെയ്യുന്നതാണ് | ഇല്ല |
| 30 | ക്രമ നമ്പർ 25-ൽ തിരഞ്ഞെടുത്ത മേഖലയിൽ (സോണിൽ ) പാലങ്ങൾ ഉണ്ടോ? | ഉണ്ട് | ഇല്ല |
| 31 | ഈ മേഖലയുടെ (സോണിന്റെ) തീരത്ത് കണ്ടൽ കാട് വളരുന്നുണ്ടോ ? | ഉണ്ട് | ഇല്ല |
| 32 | ജൈവവൈവിധ്യ പ്രാധാന്യമുള്ള സ്ഥലമാണോ ? | ആണ് | അല്ല |
| 33 | ഈ മേഖലയുടെ തീരം (കോസ്റ്റൽ സോൺ) അധിക ജനവാസ മേഖല യാണോ ? | ആണ് | അല്ല |
| 34 | ഈ മേഖലയിൽ (സോണിൽ) പരമ്പരാഗത മത്സ്യബന്ധന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ? | ഉണ്ട് | ഇല്ല |
| 35 | ഈ മേഖലയിലെ മാനുവൽ ഡ്രഡ്ജിംഗ് കപ്പൽ ഗതാഗതത്തേയും പരമ്പരാഗത മത്സ്യബന്ധനത്തേയും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെയും ദോഷകരമായി ബാധിക്കുമോ ? | ബാധിക്കും | ഇല്ല |
| 36 | ജെട്ടിയും മറ്റ് കാര്യങ്ങളും പരിശോധിക്കാൻ സർക്കാർ ഉദ്യോഗസ്ഥൻ മാർക്ക് വാഹന മാർഗ്ഗം/എളുപ്പത്തിൽ വന്നെത്താനും, സാധാരണ ക്കാർക്ക് പ്രദർശന ബോർഡ് കണ്ടു ഡ്രഡ്ജ്ഡ് മെറ്റീരിയൽ എത്താനും വാങ്ങാനും സൌകര്യ മുണ്ടോ ? | ഉണ്ട് | ഇല്ല |
| 37 | ജെട്ടിയിൽ നിന്നും ഡ്രഡ്ജ് ചെയ്ത പദാർത്ഥം ഉപഭോക്താക്കൾക്ക് കൊണ്ടു പോകാൻ പൊതുജനത്തിന്റെ സാധാരണ വാഹന ഉപയോഗത്തെ തടസപ്പെടുത്താത്ത, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ നല്ലപാത ലഭ്യമാണോ ? | ഉണ്ട് | ഇല്ല |
| 38 | മാനുവൽ ഡ്രഡ്ജിംഗ് ഉപയോഗിക്കുന്ന നാടൻ വള്ളങ്ങൾ തുറമുഖ ചട്ടങ്ങൾ അനുസരിച്ച് കാലാകാലങ്ങളിൽ പുതുക്കുന്ന ഫീസടച്ചും വള്ളങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കിയും രജിസ്റ്റർ ചെയ്യാൻ തയ്യാറാണോ ? (ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ടെണ്ടർ ഉറപ്പിച്ച് കിട്ടിയാൽ എഗ്രിമെന്റ് വയക്കുന്നതിന് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ് ) | ആണ് | അല്ല |
| 39 | മാനുവൽ ഡ്രഡ്ജിംഗ് തൊഴിലാളികൾക്ക് അപകടങ്ങളോ , പ്രകൃതിക്കോ ജൈവ | അതെ | ഇല്ല |

| | | | |
|---|---|---|---|
| | വൈവിധ്യത്തിനോ നഷ്ടങ്ങളോ ഉണ്ടായാൽ നിർദ്ദേശനുസരണം അത് പരിഹരിക്കാനും , പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനുമായുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ (mitigation measures) ഉത്തരവാദിത്വം ഏറ്റെടുക്കാൻ താങ്കളുടെ സംഘം തയ്യാറാണോ ? | | |
| 40 | ക്രമ നമ്പർ 39-ൽ പറഞ്ഞിരിക്കുന്നതിൽ ഏതെങ്കിലും സംഭവത്തിന് പരിഹാര മാർഗങ്ങൾ ഭാവിയിൽ അവലംബിക്കേണ്ടി വന്നാൽ (historical clean-up/mitigation costs) താങ്കളുടെ സഹകരണ സംഘം നഷ്ടപരിഹാരം (ആവശ്യമായ തുക ) നൽകാനും പരിഹാര മാർഗങ്ങൾ നടപ്പിലാക്കാനും തയ്യാറാണോ ? | അതെ | ഇല്ല |
| 41 | മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളും, ഇതു സംബന്ധിച്ച് സർക്കാരിൽ നിന്നോ തുറമുഖ വകുപ്പിൽ നിന്നോ, മൈനിംഗ് അന്റ് ജിയോളജി വകുപ്പിൽ നിന്നോ, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നോ, കോസ്റ്റൽ സോൺ അതോറിറ്റിയിൽ നിന്നോ മറ്റ് ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിൽ നിന്നോ ഭാവിയിൽ ഉണ്ടാകാവുന്ന വ്യവസ്ഥകളും, നിർദ്ദേശങ്ങളും, ഫീസുകളും പാലിക്കാനും നൽകാനും തയ്യാറാണോ ? | അതെ | ഇല്ല |
| 42<br>*2 | മാന്വൽ ഡ്രഡ്ജിംഗ് മുഖേന യാതൊരുവിധ പാരിസ്ഥിതിക, സാമൂഹ്യ പ്രശ്നങ്ങളും ഉണ്ടാകാതിരിക്കുവാൻ അതിനധികാരപ്പെട്ടവരോ, തുറമുഖ വകുപ്പോ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ച് പ്രവൃത്തി എടുക്കാനും, എന്തെങ്കിലും നിർദ്ദേശങ്ങൾ പാലിക്കാതിരുന്നാൽ അത് തുറമുഖ വകുപ്പ് നേരിട്ട് നടപ്പാക്കി അതിനുണ്ടാകുന്ന മൊത്തം ചിലവുകളും മറ്റ് നഷ്ടങ്ങളും സംഘത്തിന്റെ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പക്കൽ നിന്ന് റവന്യൂ റിക്കവറിയോ മറ്റു നടപടികളിലൂടെയോ തുറമുഖ വകുപ്പ് സ്വീകരിക്കുന്നതിന് സംഘത്തിന് സമ്മതമാണോ ? | അതെ | അല്ല |
| 43 | തുറമുഖ സുരക്ഷ, പരിതസ്ഥിതി, സാങ്കേതികം, ഭരണപരം, ജൈവവൈവിധ്യം എന്നി വിഷയങ്ങൾക്ക് വേണ്ടി പോർട്ട് കൺസർവേറ്റർ ഏതെങ്കിലും മേഖലയിലോ (സോൺ) മേഖലകളിലോ, എല്ലാ സോണുകളിലുമോ മാന്വൽ ഡ്രഡ്ജിംഗ് നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടാൽ നിർത്തിവയ്ക്കുന്നത് സ്വീകാര്യമാണോ ? | അതെ | അല്ല |
| 44<br>(i) | താങ്കളുടെ സംഘത്തിൽ നിന്നും മുൻപ് ഡ്രഡ്ജിംഗ് നിയമ ലംഘനവുമായോ , മറ്റു വിഷയങ്ങളുമായോ ബന്ധപ്പെട്ട് പിഴ ഈടാക്കുകയോ, പെർമിറ്റ് റദ്ദ് ചെയ്യുകയോ, സംഘത്തിലെ അംഗങ്ങൾ കേസിൽ പെടുകയോ, കരിമ്പട്ടികയിൽ ഉൾപെടുത്തുകയോ ചെയ്തിട്ടുണ്ടോ | ഉണ്ട് | ഇല്ല |
| (ii) | ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം | | |
| | (എ) ക്രമക്കേടുകളുടെ പേരിൽ സംഘത്തിനു കഴിഞ്ഞ മൂന്നു വർഷങ്ങളിൽ അധികാര സ്ഥാനങ്ങളിൽ നിന്നും കിട്ടിയ നോട്ടീസുകളുടെ / സംഘാഗങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന കേസുകളുടെ എണ്ണം:<br>(ബി) നോട്ടീസുകളുടെ തീയതി:<br>(സി) ക്രമക്കേടുകളുടെ സ്വഭാവം:<br>(ഡി) നോട്ടീസി ന് വിശദീകരണം സംഘം നൽകിയ ശേഷം ബന്ധപ്പെട്ട അധികാരികൾ സംഘത്തിന് നേരെയോ, സംഘാംഗങ്ങളുടെ | എ----------------------<br>ബി---------------------<br>സി---------------------<br>ഡി-----------------------<br>---------------------------- | |

| | | | |
|---|---|---|---|
| | | നേരെയോ സ്വീകരിച്ച നടപടിയുടെ രത്നച്ചുരുക്കം:<br>(ക്രമക്കേടുകളുടെ ഗൌരവ സ്വഭാവം, എന്തെങ്കിലും ക്രമക്കേടുകൾ നോട്ടീസ് കിട്ടിയ ശേഷം തുടർന്നിട്ടുണ്ടോ, കേസ് കോടതിയിൽ വിചാരണയിലാണോ , ശിക്ഷിക്കപ്പെട്ടി ട്ടുണ്ടോ, എന്നിവ പരിഗണിക്കുന്നതായിരിക്കും ) | ----------------------------<br>---------------------------- |

*1 തുറമുഖ സോൺ ഉൾപ്പെട്ട പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനം പരിധിയിലെ ഏതെങ്കിലും ഒരു സോണിന് ടെണ്ടർ നൽകുകയാണെങ്കിൽ , തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്
( അവലംബം WP © No. 3090/2013 തീയതി 7.2.2013)
*2 തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചെയർ പേഴ്സൺ അല്ലെങ്കിൽ പ്രസിഡന്റും / സെക്രട്ടറിയും

## അനുബന്ധം (ടെണ്ടർ വ്യവസ്ഥകളുടെ ഭാഗം )

1. ശരിയായും വ്യക്തമായും പൂർണമായും എല്ലാ കോളങ്ങളിലും രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്. .
2. ആവശ്യപ്പെട്ട രേഖകളോ ഏതെങ്കിലും അനുമതി പത്രങ്ങളൊ, സാക്ഷ്യപത്രങ്ങളൊ ടെണ്ടറിനോടൊ പ്പം ഹാജരാക്കാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ് .
3. മാനുവൽ ഡ്രഡ്ജിംഗ് മുഖേന തൊഴിലാളികൾക്കോ ജൈവസമ്പത്തിനോ , പ്രകൃതിക്കോ മറ്റു തദ്ദേശ വാസികൾക്കോ, സർക്കാരിനോ ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾക്കും, അപകടങ്ങൾക്കും പ്രശ്നങ്ങൾക്കും, മലിനീകരണത്തിനും, ജൈവവൈവിദ്ധ്യ നഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട സഹകരണ സംഘങ്ങളുടെ പ്രസിഡന്റിനും സെക്രട്ടറിക്കുമായിരിക്കും
4. പ്രത്യേക നിബന്ധനകൾ ടെണ്ടറിന്റെ ഭാഗമാണ്. ഈ ടെൻഡറനുസരിച്ച് ഓരോ മാസകാലയളവുള്ള അനുമതി പത്രം (പെർമിറ്റ്) ലഭിക്കുന്നത് ടെണ്ടർ തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും. എന്നാൽ ഒരു വർഷകാലാവധിക്കുള്ളിൽ യോഗ്യതയുള്ള തദ്ദേശവാസികളായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളാൽ രൂപീകൃതമായ മറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റികൾ ടെണ്ടർ വിളിക്കണമെന്നും, പെർമിറ്റ് ലഭിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷകളൊന്നും തന്നെ പോർട്ട് കൺസർവേറ്റർക്ക് തന്നിട്ടില്ലെങ്കിലും , പെർമിറ്റ് ലഭിച്ച സംഘത്തിന്റെ പ്രവർത്തനം യാതൊരു പരാതിക്കുമിടനൽകാതെ കുറ്റമറ്റതാണെങ്കിലും ടെണ്ടർ നടപടികൾ ഏതെങ്കിലും കാരണത്താൽ യഥാസമയത്ത് പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥ വരാനിടയായാൽ പെർമിറ്റ്, 10 (പത്ത്) ശതമാനം മുൻ വർഷത്തേക്കാൾ നിരക്ക് വർദ്ധനയിൽ, ടെണ്ടർ കാലാവധി മാസങ്ങളോളമോ, പരമാവധി ഒരു വർഷത്തേക്കുകൂടിയോ നീട്ടുന്ന കാര്യം പോർട്ടു കൺസർവേറ്റർ പരിഗണിക്കുന്നതാണ് . ഇത് പക്ഷെ തൻ വർഷം പെർമിറ്റ് ലഭിക്കുന്ന സൊസൈറ്റിയുടെ അവകാശമായിരി ക്കില്ല
5. അപൂർണ്ണമോ തെറ്റായതോ ആയ വിവരങ്ങൾ നൽകിയാൽ ടെണ്ടറുകൾ നിരസിക്കുന്നതാണ് .
6. സഹകരണ സംഘത്തിൽ അംഗങ്ങളായിട്ടുള്ള മണൽ വാരൽ തൊഴിലാളികൾ ഇതേ പ്രവൃത്തിയെടുക്കുന്ന (ടെണ്ടറിൽ പങ്കെടുക്കുന്ന) മറ്റൊരു സഹകരണ സംഘത്തിൽ അംഗമായിരിക്കാൻ പാടില്ല ഇങ്ങനെ കണ്ടാൽ ടെണ്ടർ നിരസിക്കുന്നതാ ണ്.
7. ടെണ്ടറിൽ പങ്കെടുത്ത സൊസൈറ്റികളിൽ നിന്നും തുറമുഖ വകുപ്പിലേക്ക് അടയ്ക്കാൻ തയ്യാറുള്ള ഏറ്റവും ഉയർന്ന തുകയുടെ അടിസ്ഥാനത്തിൽ (കോളം ക്രമ നമ്പർ 11-ൽ രേഖപ്പെടുത്തിയത് ) സോണുകളുടെ എണ്ണത്തിനു ആനുപാതികമായി സൊസൈറ്റികളെ തിരെഞ്ഞെടുക്കുന്ന താണ് .
8. തെരെഞ്ഞെടുക്കപ്പെട്ട സൊസൈറ്റികളിൽ നിന്നും ക്വാട്ട് ചെയ്ത ഏറ്റവും ഉയർന്ന തുക (ക്രമ നമ്പർ 11-ൽ) തുറമുഖ വകുപ്പിനു അടക്കേണ്ട മണൽ വിലയായി തുറമുഖത്തെ എല്ലാ സോണുകൾക്കും ഏകീകരിച്ച് നിശ്ചയിക്കുന്നതാ ണ്.

9. തുറമുഖ വകുപ്പിന് അടക്കേണ്ടതായ മേൽ തുകയുക്കുറമേ (12-ൽ ഉപഭോക്താവിൽ നിന്ന് ലഭിക്കുന്ന മണൽ വിലയായി എല്ലാ സോണുകൾക്കും ഏകീകരിച്ച് നിശ്ചയിച്ച) മറ്റെല്ലാം ഉൾപ്പെടുത്തി ഉപഭോക്താവിൽ നിന്നും ഈടാക്കാൻ ഉദ്ദേശിക്കുന്ന വിലനു വിലയുടെ മാർജിന്റെ (ക്രമ നമ്പർ 13) അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ്തയ്യാർ ചെയ്യുന്നതും ക്രമ നമ്പർ (കോളം) 25 അനുസരിച്ച് സോൺ അനുവദിക്കുന്നതുമായിരിക്കും . ഒരു സോണിൽ മാനദണ്ഡം എല്ലാം ശരിയായ ( eligible) സംഘങ്ങൾ ഒരേ നിരക്കുകൾ തന്നെ ക്വാട്ട് (quote) ചെയത്തായി ടെണ്ടർ തുറക്കുമ്പോൾ വരികയും അങ്ങനെ തുല്യമായി വന്നാൽ ഏറ്റവും കൂടുതൽ തദ്ദേശവാസികളായ മണൽ വാരൽ പരമ്പരാഗത തൊഴിലായ എ ക്ലാസ്സ്അംഗങ്ങളുടെ അംഗസംഖ്യ : കേരള ബിൽഡിംഗ് ആന്റ് അദർ കൺസക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ ബോർഡ് അധികാരി സാക്ഷ്യപ്പെടുത്തിയ ഐഡന്റിറ്റി കാർഡിൽ ജോലിയുടെ സ്വഭാവം "മണൽ വാരൽ" ആയി എഴുതിയിട്ടുള്ളത് ; മുൻകാലങ്ങളിൽ പോർട്ട് ഓഫീസിൽ മണൽ വാരലിനായി ചീന / നാടൻ വള്ളം ഉപയോഗിക്കുന്നതിനായി പരമ്പരാഗത മണൽ വാരൽ തൊഴിലാളി പണം അടച്ചതിന്റെ രസീത് ; എ ക്ലാസ്സ് സൊസൈറ്റി അംഗത്വ ലിസ്റ്റിൽ "മണൽ തൊഴിലാളി" എന്ന് തൊഴിൽ കോളത്തിൽ രേഖപ്പെടുത്തിയ തുറമുഖ പരിധിയിൽ 10 കിലോമീറ്റർ ചുറ്റളവിൽ സ്ഥിര താമസക്കാരായ പരമ്പരാഗതമായി മണൽ വാരി ഉപജീവനം നടത്തുന്നവരുടെ എണ്ണം എന്നീ രേഖകളെ അടിസ്ഥാനപ്പെടുത്തി പെർമിറ്റ് നൽകേണ്ട സംഘത്തെ സോണിനുവേണ്ടി തിരഞ്ഞെടുക്കു ന്നതായിരിക്കും . ഏറ്റവും കൂടുതൽ തദ്ദേശവാസികളാൽ പരമ്പരാഗതമായി മണൽ വാരി ഉപജീവനം നടത്തുന്ന തൊഴിലാളി അംഗങ്ങളുണ്ടെന്ന് വ്യക്തമായ രേഖകളുള്ള സംഘത്തിന് മുൻഗണന ലഭിക്കുന്നതാണ്. ഇതിനാവശ്യമായ മതിയായ രേഖകൾ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് ടെണ്ടറിന്റെ കൂടെ ഉള്ളടക്കം ചെയ്തിട്ടുണ്ടാവണം.
10. കടവിൽ നിന്നുള്ള ഡ്രഡ്ജ്ഡ് മെറ്റിരീയലിന്റെ വിൽപ്പന വില – തുറമുഖ വകുപ്പിൽ അടക്കേണ്ടതായ തുകക്ക് പുറമേ തെരെഞ്ഞെടുക്കപ്പെടുന്ന സംഘങ്ങൾ രേഖപ്പെടുത്തിയ കുറഞ്ഞ മാർജിൻ നിരക്കും (ക്രമ നമ്പർ 12-ൽ ചേർത്തതും ചേർത്ത്) - തുറമുഖത്തെ എല്ലാ സോണിനും ഏകീകരിക്കുന്നതായിരിക്കും..

## പ്രത്യേക വ്യവസ്ഥകൾ ( Special Conditions)

1. ടെണ്ടർ നോട്ടീസ് തീയതിക്ക് 30 ദിവസം മുമ്പെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ടതും, ബൈലോ പ്രകാരം മാന്വൽ ഡ്രഡ്ജിംഗിന് വേണ്ട യോഗ്യത മാന ദണ്ഡങ്ങൾ അനുസരിച്ച് ഉള്ളതുമായ സഹകരണ സംഘങ്ങൾക്കുമാത്രമേ ടെൻഡറിൽ പങ്കെടുക്കുവാനുള്ള അർഹത ഉണ്ടായിരിക്കുകയുള്ളൂ..
2. ടെൻഡർ വ്യവസ്ഥകൾക്കുപുറമേ, സർക്കാരിന്റെ മാന്വൽ ഡ്രഡ്ജിംഗിനെ സംബന്ധിച്ച എല്ലാ വ്യവസ്ഥകളും അതിനുശേഷം സർക്കാർ ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ളതും തുറമുഖവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളതുമായ എല്ലാ ഉത്തരവുകളും വ്യവസ്ഥകളും സഹകരണ സംഘവും അതിലെ അംഗങ്ങളും പാലിക്കേണ്ടതാണ്. സ്ഥിരപ്പെടുത്തുന്ന സംഘങ്ങൾക്ക് എഗ്രിമെന്റ് 100 രൂപ മുദ്രപത്രത്തിൽ വച്ച ശേഷം ഓരോ മാസത്തേക്കായിരിക്കും പോർട്ട് കൺസർവേറ്റർ അനുമതി പത്രം (പെർമിറ്റ് ) നൽകുന്നത് .
3. എഗ്രിമെന്റിനു മുമ്പായി ടെണ്ടറിൽ യോഗ്യത നേടിയ ഓരോ സഹകരണ സംഘവും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഉൾപ്പെടെ ബാധകമായ നിയമങ്ങളുടെയോ, ചട്ടങ്ങളുടെയോ, കോടതി ഉത്തരവുകളുടെയോ വെളിച്ചത്തിൽ മറ്റുവകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമാനുസൃതമായ ഫീസ് അടച്ച് അപേക്ഷ നൽകി അനുമതി / യോഗ്യത നേടേണ്ടതാണ് .
4. നിയമാനുസൃത വാറ്റ് സർക്കാരിൽ അടച്ചിരിക്കണം .
5. മണൽ കടത്തുന്ന വാഹനത്തിന് വാഹന ഫീസായി സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ച തുക തുറമുഖവകുപ്പിൽ അടക്കേണ്ടതാണ്.

6. തുറമുഖ വകുപ്പിന്റെ പോർട്ട് കൺസർവേറ്ററും, അധികാരപ്പെടുത്തിയ പോർട്ടിലെ ഉദ്യോഗസ്ഥനും തീയതിയോടെ ഒപ്പിട്ടു സീൽ വച്ച വാഹന പാസ് ഉപയോഗിച്ച് മാത്രമേ രാവിലെ 8 മണിക്ക് ശേഷവും വൈകുന്നേരം 4 മണിയ്ക്കു മുമ്പായും ജെട്ടിയിൽ നിന്നും ഡ്രെഡ്ജഡ് മെറ്റീരിയൽ പുറത്തുകൊണ്ടുപോകുവാൻ പാടുള്ളൂ. വാഹന പാസിൽ ഉപഭോക്താവിന്റെ പേരും, അഡ്രസ്സും ടോക്കൺ നമ്പരും രേഖ പ്പെടുത്തേണ്ടതാണ്.
7. നിയമാനുസൃതമുള്ള ജെട്ടി ഫീസ്, ജെട്ടി സേഫ്റ്റി ഓഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ ശേഷം ഡ്രെഡ്ജിംഗ് ആരംഭിക്കുന്നതിനു മുമ്പ് മുൻ കൂട്ടി അടച്ചിരിക്കണം
8. ഡ്രെഡ്ജിംഗിന് വള്ളങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ കേരളാ ഹാർബർ ക്രാഫ്റ്റ് റൂൾസ് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കേണ്ടതും രജിസ്ട്രേഷൻ നമ്പർ വള്ളത്തിൽ അകലെ നിന്ന് കാണത്തക്കവിധം രണ്ടു സൈഡിലും വെള്ള പെയിന്റിൽ എഴുതേണ്ടതുമാണ്. തനത് പോർട്ടിൽ രജിസ്റ്റർ ചെയ്യാത്ത വള്ളങ്ങൾ മാനുവൽ ഡ്രെഡ്ജിംഗിന് ഉപയോഗിക്കാൻ പാടില്ല. രാവിലെ 6 മണിയ്ക്കു മുമ്പോ, വൈകുന്നേരം 4 മണിയ്ക്കുശേഷമോ മാനുവൽ ഡ്രെഡ്ജിംഗ് നടത്താൻ പാടില്ല. എന്നാൽ മാനുവൽ ഡ്രെഡ്ജിംഗ് നടത്തുന്ന ഓരോ സൊസൈറ്റി അംഗവും തുറമുഖ നടത്തിപ്പിന്റെ ഭാഗമായോ, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായോ, പോർട്ട് കൺസർവ്വേറ്റർ നിജപ്പെടുത്തുന്ന ഡ്രെഡ്ജിംഗ് അവധിയും നിർബന്ധമായും പാലിച്ചിരിക്കണം .
9. സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള തിരിച്ചറിയൽ ചീട്ട് നിർബന്ധമായും മണൽ വാരലിൽ ഏർപ്പെടുന്ന എല്ലാ തൊഴിലാളികളും എപ്പോഴും വെള്ളം നനയാത്ത വിധത്തിൽ പാക്കേജ് ചെയ്ത് കൈവശം സൂക്ഷിക്കേണ്ടതാണ്.
10. ഓരോ മാസത്തേയും പെർമിറ്റ് ലഭിക്കാനുള്ള തുക (തുറമുഖ വകുപ്പിൽ അടക്കേണ്ട തുക) ആ മാസത്തെ ആദ്യത്തെ പ്രവൃത്തി ദിവസം തന്നെ പോർട്ട് കൺസർവേറ്റർ നിർദ്ദേശിക്കുന്ന തുറമുഖ വകുപ്പിന്റെ നിർദ്ദിഷ്ട അക്കൌണ്ടിൽ മുൻകൂറായി അടച്ച് പണം അടച്ചതിന്റെ രസീത് ഹാജരാക്കിയ ശേഷം പോർട്ട് കൺസർവേറ്റർ പെർമിറ്റ് നൽകുന്നതാണ് .
11. പൊതുജനങ്ങൾക്കുള്ള വിൽപ്പനവില, വില്പന സമയം, സഹകരണ സംഘത്തിന്റെ പേര്, ആ മാസത്തെ സംഘത്തിന് അനുവദിച്ചിട്ടുള്ള അളവ് ടണ്ണിൽ, സംഘത്തിന്റെ ഫോൺ നമ്പർ, സംഘം പ്രസിഡന്റിന്റെ പേര്, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുള്ള പരസ്യ ഫലകം ജെട്ടിയിൽ സംഘത്തിന്റെ ചെലവിൽ വ്യക്തമായി വായിക്കാവുന്ന വിധത്തിലും പൊതുജനങ്ങൾക്കു അനായാസം കാണത്തക്ക വിധത്തിലും മലയാളത്തിൽ സ്ഥാപിച്ചിരിക്കണം.
12. വിൽപ്പന രജിസ്റ്ററുകൾ , പാസ്സുകൾ , അനുബന്ധ രജിസ്റ്ററുകൾ, റിക്കാർഡുകൾ, രസീതുകൾ എന്നിവ വകുപ്പിലെ ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ട മറ്റ് അധികാരികൾക്കും പരിശോധനയ്ക്കു ഏത് സമയവും വിധേയമാക്കേണ്ടതാണ് . മേൽപറഞ്ഞവ ആഴ്ച്ചയിലൊരിക്കൽ പോർട്ട് കൺസർവേറ്റർ സോണം ജെട്ടിയും യാർഡും വരവും പരിശോധിച്ച് ഒപ്പ് വയ്ക്കുന്നതായിരിക്കും.
13. ഏതെങ്കിലും ക്രമക്കേടുകൾ കണ്ടാൽ മുന്നറിയിപ്പ് കൂടാതെ ഉടനെ തന്നെ ഉത്തരവ് / അനുമതി പത്രം പോർട്ട് കൺസർവ്വേറ്റർ റദ്ദ് ചെയ്യുന്നതായിരിക്കും. ഇതുമൂലം സർക്കാരിനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ സംഘത്തിന്റെ പ്രസിഡന്റിൽ നിന്നും സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതായിരിക്കും.. ഇതിനു പുറമേ ആദ്യത്തെ ക്രമക്കേടിന് മുന്നറിയിപ്പെന്ന നിലയിൽ 50,000 രൂപ (അമ്പതിനായിരം രൂപ) പിഴയും കൂടാതെ ഒരാഴ്ച്ചത്തേക്ക് അനുമതി പത്രം റദ്ദാക്കുന്നതുമായിരിക്കും ക്രമക്കേട് തുടർന്നാലോ മറ്റ് ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടാലോ , പ്രസ്തുത സംഘത്തിന്റെ പെർമിറ്റും (അനുമതി പത്രം) എഗ്രിമെന്റും ഉടനടി റദ്ദാക്കുന്നതും രണ്ട് വർഷത്തേക്ക് ടെണ്ടറിൽ പങ്കെടുക്കുന്നത് വിലക്കി കരിമ്പട്ടികയിൽ പെടുത്തുന്നതുമാണ്. കൂടാതെ സംഘത്തേയും പ്രസ്തുത സംഘത്തിലെ അംഗങ്ങളായിരുന്നവർ ഉൾപ്പെട്ട് പുതുതായി സഹകരണ സംഘം രജിസ്റ്റർ ചെയ്താൽ ആ സംഘത്തേയും അല്ലെങ്കിൽ പ്രസ്തുത സംഘത്തിലെ അംഗങ്ങൾ മറ്റൊരു

സംഘത്തിൽ അംഗങ്ങളായി ചേർന്നാൽ ആ സംഘത്തേയും രണ്ടുവർഷത്തേക്ക് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

14. മാന്വൽ ഡ്രഡ്ജിംഗ് തുടങ്ങുന്നതിനുമുൻപ് 100/- രൂപയുടെ മുദ്രപത്രത്തിൽ വിശദമായ കരാർ ഒപ്പുവയ്ക്കേണ്ടതാണ്. കരാർ ഒപ്പിടുന്നതിന് മുമ്പായി ലോക്കൽ സർക്കാർ അധികാരികൾ നൽകിയ ഐഡന്റിറ്റി കാർഡ്, പെർമിറ്റിനുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന സംഘത്തിലെ എല്ലാ സംഘങ്ങളുടെയും , പോർട്ട് കൺസർവേറ്ററുടെ മുമ്പാകെ കാണിക്കേണ്ടതും പോർട്ടു കൺസർവേറ്റർ സംഘങ്ങളുടെ ഐഡന്റിറ്റി ബോദ്ധ്യപ്പെട്ട് പോർട്ടിലെ രജിസ്റ്ററിൽ ആദ്യ പെർമിറ്റ് നൽകുന്നതിന് മുമ്പായി രേഖപ്പെടുത്തേണ്ടതുമാണ് .
15. സംഘത്തിലെ സ്ഥിരം അംഗങ്ങളായ തദ്ദേശവാസികളായ മണൽ വാരൽ തൊഴിലാളികളാൽ ഒരു സോണിൽ നിന്ന് ഒരു മാസം എടുക്കാവുന്ന പരമാവധി മണലിന്റെ അളവായിരിക്കണം കോളം 9-ൽ രേഖപ്പെടുത്തേണ്ടത്. ഈ അളവ് അപ്രായോഗികമായോ, ശാസ്ത്രീയ പഠനങ്ങൾക്ക് യോജിക്കാത്തതായോ കണ്ടാൽ അംഗീകരിക്കുന്നതല്ല.ഒരു മാസം ഒരു സോണിൽ നിന്ന് നീക്കം ചെയ്യേണ്ട മെറ്റീരിയലിന്റെ അളവ് പോർട്ട് കൺസർവ്വേറ്റർ ഓരോ മാസവും പോർട്ട് ഡ്രഡ്ജിംഗ് പ്ലാനിന്റെ അടിസ്ഥാനത്തിലും സെഡിമെന്റേഷന്റെ തോതനുസരിച്ചും. പഠനങ്ങളുടെയും അടിസ്ഥാനത്തിൽ നിജപ്പെടുത്തുന്നതാണ് .
16. ഇരു കരകളിൽ നിന്നും ചുരുങ്ങിയത് 10 മീറ്റർ എങ്കിലും വിട്ട് അനുവദിച്ചിട്ടുള്ള മേഖലയുടെ (സോണിന്റെ) അടിത്തട്ടിൽ നിന്നു മാത്രമേ നാവിഗേഷൻ ചാലിന്റെ ആഴം കൂട്ടാനായി മാന്വൽ ഡ്രഡ്ജിംഗ് നടത്തുവാൻ പാടുള്ളൂ.
17. ലോറിയിൽ ഡ്രഡ്ജ്ഡ് മെറ്റീരിയൽ കയറ്റുന്ന പ്രവൃത്തി നടത്തുന്നത് പുഴയുടെ തീരത്തുനിന്നും 25 മീറ്റർ ദൂരെ മാറിയായിരിക്കണം. പുഴയുടെ തീരത്ത് ലോറികൾ വന്ന് തിരിക്കുന്നതിൽ നിന്നും മറ്റും മണ്ണിളക്കി പുഴയോര മണ്ണിടിച്ചിലും, സ്ട്രീം ബാങ്ക് എറോഷനും അനുവദനീയമല്ല.
18. അനുവദിച്ച മേഖലയിൽ പാലങ്ങൾ ഉണ്ടെങ്കിൽ അവയുടെ ഇരു വശങ്ങളിൽ നിന്നും 500 മീറ്റർ വിട്ടുവേണം മാന്വൽ ഡ്രഡ്ജിംഗ് നടത്തേണ്ടത് .
19. വാർഫിന്റെ അടിയിൽ നിന്നും മണൽ നീക്കം ചെയ്യുവാൻ അനുവദിക്കുന്നതല്ല.വാർഫിന്റെ മുൻ വശത്തുനിന്നും ആവശ്യമായ ആഴത്തിൽ പോർട്ട് കൺസർവ്വേറ്ററുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലും മാത്രം മാന്വൽ ഡ്രഡ്ജിംഗ് അനുവദിക്കുകയുള്ളൂ
20. മാന്വൽ ഡ്രഡ്ജിംഗ് പ്രവർത്തി സഹകരണ സംഘങ്ങളാൽ നടപ്പാക്കുന്നത്, തദ്ദേശവാസികളായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളുടെ ഉപജീവനാർത്ഥമാകയാൽ, യാതൊരുവിധ യാന്ത്രിക ഉപകരണങ്ങളും മാന്വൽ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ടോ ലോഡിംഗ് പണിക്കോ, മണൽ വാരൽ മുഖ്യജീവനോപാധിയായിരിക്കുന്ന തദ്ദേശവാസികളായ ആൾക്കാരുടെ എണ്ണം വളരെയേറെ കുറഞ്ഞതായി സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നതുവരെ, ഉപയോഗിക്കാൻ പാടുള്ളതല്ല. കൂടാതെ യാന്തിക ഉപകരണങ്ങൾ ഉപയോഗിക്കുന്നത പുഴയോരത്ത് സസ്യജീവജാലങ്ങളെ നശിപ്പിക്കുമെന്നതിനാലും, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഓയിലും മറ്റും നിലത്ത് വീഴുന്നത്, മഴക്കാലത്ത് വെള്ളത്തിലേക്ക് ഒഴുകിയെത്തി പോർട്ട് ലിമിറ്റിൽ ഓയിൽ പൊല്യൂഷൻ ഉണ്ടാകാമെന്നതിനാലും, ശബ്ദമലിനീകരണം അടുത്ത് താമസിക്കുന്നവർക്ക് അലോരസമുണ്ടാക്കാമെന്നതിനാലും മെഷീനുകളും, മോട്ടറുകളും, യന്ത്രങ്ങളും പോർട്ടിലെ യാർഡിലും ജെട്ടിയിലും സോണിലും അനുവദനീയമല്ല.
21. മാന്വൽ ഡ്രഡ്ജിംഗ് മുഖേന തുറമുഖത്തെ ചാനലിൽ നിന്നോ ചാനലിന്റെ അടിത്തട്ടിൽ നിന്നോ നീക്കം ചെയ്യുന്ന മണൽ അരിക്കുകയോ, കഴുകുകയോ, ശുദ്ധീകരിക്കുകയോ ചെയ്യുകയാണെങ്കിൽ ആ പ്രവർത്തി തീരത്തുനിന്നും ചുരുങ്ങിയത് 25 മീറ്ററെങ്കിലും മാറിയായിരിക്കേണ്ടതും അരിക്കുകയോ, കഴുകുകയോ, ശുദ്ധീകരിക്കുകയോ ചെയ്യുന്നതുമല്ലും അവശിഷ്ടങ്ങൾ നദിയിലേക്കോ , ജലഗതാഗത

ചാലിലേക്കോ തിരികെ പോകാതെ സൂക്ഷിക്കേണ്ടതും, എന്തെങ്കിലും അവശിഷ്ട തുറമുഖപരിധിയിലുണ്ടായാൽ യാതൊരുവിധ പരിസരമലിനീകരണവും ഉണ്ടാകാതെ, സഹകരണ സംഘങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതും, തുറമുഖ കൺസർവ്വേറ്ററെ രേഖാമൂലം (മുഴുവൻ ഫോട്ടോ രേഖകളും, കൈയ്യെഴുത്ത് രേഖകളും വഴി) ഓരോ മാസാവസാനവും അടുത്ത മാസത്തെ പെർമിറ്റ് ലഭിക്കുന്നതിന് മുമ്പായി ബോദ്ധ്യപ്പെടുത്തേണ്ടതുമാണ് . ഡ്രഡ്ജ്ഡ് മെറ്റീരിയൽ പോർട്ട് പരിധിയിലെ ഉപ്പുവെള്ളമുപയോഗിച്ച് അരിക്കുകയോ, കഴുകുകയോ, ശുദ്ധീകരിക്കുകയോ ചെയ്യുന്നതുമല്ലം , ഉപ്പുരസമില്ലാത്ത മണലെന്ന രീതിയിൽ വിലപ്പ നടത്താൻ പാടുള്ളതല്ല പകരം ഉപ്പുരസമുള്ള മണൽ എന്ന ലേബലിംഗ് (Marking and Labeling) വാഹന പാസിസ്സ് പ്രത്യേകം എഴുതേണ്ടതും ജെട്ടിയിലെ നോട്ടീസ് ബോർഡിൽ പ്രത്യേകം എഴുതേണ്ടതുമാണ്. ഉപ്പുരസമുള്ള മണൽ ഉപ്പുരസമില്ലാത്തതാണെന്ന ധാരണയിൽ കെട്ടിടങ്ങൾക്കും മറ്റും ഉപഭോക്താവ് ഉപയോഗിച്ച് കെട്ടിട സുരക്ഷയെ ബാധിക്കാതിരിക്കാനാണി നിബന്ധന .

22. താഴെപറയുന്ന കാരണങ്ങളാൽ മാത്രമേ അനുമതിപത്രം നൽകുന്ന അധികാരി മുൻമാസം അനുവദിച്ച അളവ് മണൽനീക്കം ചെയ്യാൻ പറ്റിയില്ലെങ്കിൽ , നടപ്പുമാസം ബാക്കി അളവ് മണൽ നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളൂ.

- അഞ്ച് ദിവസത്തിൽ കൂടുതൽ നീണ്ടു നിൽക്കുന്ന തൊഴിലാളികളുടെ അപ്രതീക്ഷിത സമരം, വാഹന സമരം / ലഹള എന്നിവമൂലം മണൽ നീക്കം തടസപ്പെട്ടുക.
- മറ്റ് സർക്കാർ വകുപ്പുകളിൽനിന്ന് പെർമിറ്റോ അംഗീകാരമോ ലഭിക്കാൻ പെർമിറ്റുടമയുടെ കാരണം കൊണ്ടല്ലാതെ കാലതാമസം നേരിട്ടതുമൂലം 10 ദിവസത്തിൽ കൂടുതൽ ഡ്രഡ്ജിംഗ് നടക്കാതിരുന്നാൽ
- കടൽക്ഷോഭം, ഹർത്താൽ , ജോലി തടസപ്പെടുത്തുന്ന മറ്റ് അപ്രതീക്ഷിത സംഭവങ്ങൾ , ഒഴിച്ചുകൂടാൻ പറ്റാത്ത മറ്റ് കാരണങ്ങൾ എന്നിവയാൽ മാസാവസാനം അനുവദിച്ച അളവ് മണൽ നീക്കം ചെയ്യാൻ സാധിച്ചില്ലെങ്കിൽ എ, ബി, കാരണത്താൽ മാന്വൽ ഡ്രഡ്ജിംഗിന് തടസ്സം നേരിട്ടതായി അപേക്ഷ നൽകിയ അനുമതിപത്ര സംഘത്തിന്റെ പ്രതിനിധിയെ നേരിൽ കേട്ടശേഷം പോർട്ട് കൺസർവ്വേറ്റർ നഷ്ടവും നിലവിലുള്ള കാരണങ്ങളും വിലയിരുത്തി തീരുമാനമെടുക്കുന്നതാണ് ..

23. സഹകരണസംഘങ്ങളുടെ മണൽവാരലും മറ്റ് അനുബന്ധ പ്രവർത്തികളും കപ്പൽ ഗതാഗതത്തേയോ മത്സ്യബന്ധനത്തേയോ, കണ്ടൽ കാടുകളേയോ, ജൈവ വൈവിദ്ധ്യത്തേയോ യാതൊരു കാരണവശാലും ബാധിക്കുവാൻ പാടുള്ളതല്ല.ഈ കാര്യങ്ങൾക്ക് പോർട്ട് കൺസർവ്വേറ്റർ സമയക്രമത്തിലോ , ചില പ്രത്യേക അവസരങ്ങളിലോ, ദിവസങ്ങളിലോ ഡ്രഡ്ജിംഗ് നിയന്ത്രിച്ചാൽ സംഘം അത് കർശനമായി പാലിക്കേണ്ടതാണ് .

24. നദിയുടെ ഒഴുക്കിനെ തടസപ്പെടുത്തുന്ന രീതിയിലോ, നദിയുടെ തീരം ഇടിയുന്ന രീതിയിലോ, നദിയിൽ വീണ്ടും മണൽത്തിട്ട രൂപപ്പെടുത്തുന്ന രീതിയിലോ, നദീ തീരതടത്തിൽ മണ്ണൊലിപ്പ് , ചെടികളുടെയും സൂക്ഷ്മജീവികളുടെയും, മത്സ്യങ്ങളുടെയും മറ്റു ജൈവ വൈവിദ്ധ്യത്തിന്റെയോ നാശം വരുന്ന രീതിയിലോ ഡ്രഡ്.ജഡ് മെറ്റീരിയൽ നീക്കം ചെയ്യാനോ, ജെട്ടി നിർമ്മിക്കാനോ ഉപയോഗിക്കാനോ പാടുള്ളതല്ല.കൂടാതെ ഡ്രഡ്.ജഡ് മെറ്റീരിയൽ കരയ്ക്ക് വാരിയിടുന്നതുമൂലം പരിസരത്തെ കിണറുകളിലേക്കോ വീട്ടു പരിസരത്തേക്കോ, കൃഷി സ്ഥലത്തേക്കോ ഉപ്പു വെള്ളം ഊർന്നൊലിച്ച് ചെടികളുടെ വളർച്ചയെ മുരടിപ്പിക്കാനോ ജലസ്രോതസ്സുകൾക്കും മറ്റുംഉപ്പുരസ മുണ്ടാകാനും പാടുള്ളതല്ല

25. നീക്കം ചെയ്യുന്ന മണൽ ഭാരമുള്ള ലോറിയിൽ കയറ്റി അയക്കുന്നതുമൂലം നദിയുടെ തീരത്തിൽ കേടുപാടുകൾ സംഭവിക്കാൻ പാടുള്ളതല്ല ഭാരമുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിച്ച് പരിസ്ഥിതി

മലിനീകരണം ഉണ്ടാക്കാൻ പാടുള്ളതല്ല. പോർട്ട് കൺസർവേറ്റർ ഓരോ മൂന്ന മാസം കൂടുമ്പോഴും (സെപ്റ്റബർ, ഡിസംബർ, മാർച്ച്, , ജൂൺ മാസങ്ങളുടെ അവസാനത്തെ ആഴ്ചയിൽ) പെർമിറ്റ് നൽകിയ ഓരോ സോണിന്റെയും , ജെട്ടിയുടെയും , യാർഡിന്റെയും ലോറികൾ വന്ന ഡ്രഡ്ജ്ഡ് മെറ്റീരിയൽ കയറ്റുന്ന സ്ഥലത്തിന്റെയും കളർ ഫോട്ടോ എടുത്ത് ജെട്ടിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും, പെർമിറ്റ് സൊസൈറ്റിയുടെ പേരും ഫോട്ടോയിൽ സൂപ്പർ ഇംപോസ് ചെയ്ത് തുറമുഖ ഡയറക്ടർക്ക് ത്രൈമാസ റിപ്പോർട്ടോടു കൂടി അയച്ചു നൽകേണ്ടതാണ്.

26. മണൽ നീക്കം ചെയ്യുന്നതിലോ, അധികം ക്വാണ്ടിറ്റി ഡ്രഡ്ജ് ചെയ്യുകയോ, വാഹനപാസ് ദുരുപയോഗം ചെയ്യുന്നതിലോ, വിൽപ്പന വിലയിലോ, സമയ ക്രമം തെറ്റിക്കുന്നതിലോ, നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലോ ഉൾപ്പെടെ എന്തെങ്കിലും ക്രമക്കേട് കണ്ടുപിടിക്കുകയോ, വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യുകയാണെങ്കിൽ തുറമുഖ അധികാരികൾക്ക് ഒരു കാരണവും കാണിക്കാതെ മണൽ നീക്കം ചെയ്യുന്നത് നിർത്തിവയ്പ്പിക്കാനും ബന്ധപ്പെട്ട സംഘത്തിനുള്ള അനുമതി പത്രം റദ്ദ് ചെയ്യാനുമുള്ള അധികാരം ഉണ്ടായിരിക്കും. കൂടാതെ ജെട്ടിയിൽ നിന്നും ഡ്രഡ്ജ്ഡ് മെറ്റീരിയൽ വാഹന പാസ് നൽകി വാഹനങ്ങളിൽ പുറത്തേക്ക് കൊണ്ടുപോകുന്ന വഴികളിൽ ഒരു കാരണവശാലും എതിർവശത്ത് നിന്നോ, അതേ ദിശയിലോ, ആംബുലൻസ്, സ്കൂൾകുട്ടികളുടെ വാഹനങ്ങൾ ഉൾപ്പെടെ മറ്റു വാഹനങ്ങൾ പോകുന്നതിനും വരുന്നതിനും തടസമുണ്ടാകാത്ത രീതിയിൽ ജെട്ടിയിൽ നിന്നും വാഹനം വിടുന്നത് സംഘം ക്രമീകരിക്കേണ്ടതാണ്.

27. പോർട്ടധികാരികൾ പരിസ്ഥിതി സംരംക്ഷണത്തിനോ, ജൈവവൈവിധ്യ സംരക്ഷണത്തിനോ ഇ – ഗവേണൻസിനോ, മറ്റു അഡ്മിനിട്രേറ്റീവ് കാരണങ്ങളാലോ നിർദ്ദേശിക്കുന്ന മാറ്റങ്ങളും നിർദ്ദേശങ്ങളും പെർമിറ്റ് ലഭിക്കുന്ന സൊസൈറ്റി നിർബന്ധമായും പാലിക്കേണ്ടതാകുന്നു. ഇതിന്റെ ഭാഗമായി ബുക്കിംഗ് സിസ്റ്റം, പേയ്മെന്റ് സിസ്റ്റം, മുതലായവ കമ്പ്യൂട്ടർ വഴിയാക്കുന്നതും, രജിസ്റ്ററുകളും, ക്രയവിക്രയങ്ങളും, രേഖകളും ഓൺ ലൈനായി രേഖപ്പെടുത്തേണ്ടതുമാകുന്നു.. മാനവൽ ഡ്രഡ്ജിംഗ് - ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികളിലും തുടർന്നുള്ള നടപടികളിലും പെർമിറ്റ് ലഭിക്കുന്ന സൊസൈറ്റി കർശനമായും, പരിപൂർണമായും പങ്കെടുക്കേണ്ടതും ഇ-ഗവേണൻസിന് വേണ്ട ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, സ്കാനർ, മുതലായവ അംഗീകൃത ജെട്ടിയിൽ ഡ്രഡ്ജ്ഡ് മെറ്റീരിയലിന്റെ വിലപ്പന നടക്കുന്ന സമയം ലഭ്യമാക്കേണ്ടതുമാണ്. പോർട്ടു കൺസർവേറ്റർ ആവശ്യപ്പെടുന്ന പ്രത്യേക / നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള മാസാവസാന റിപ്പോർട്ടുകളും ഫോട്ടോ ഡോക്കുമെന്റേഷനും , പെർമിറ്റ് ലഭിച്ച സംഘത്തിന്റെ സെക്രട്ടറി, അടുത്ത മാസത്തെ പെർമിറ്റ് ലഭിക്കുന്നതിനുമുമ്പായി ലഭ്യമാക്കേണ്ടതുണ്ട്..

28. പോർട്ടധികാരികൾ ജലത്തിലെയോ പുഴയരികിലെയോ, എക്കോടോണിലെയോ സസ്യ, ജീവികളുടെ പ്രജനനകാലം, വളർച്ചാകാലം എന്നിവ നിശ്ചയിച്ച് മണൽ വാരൽ നിർത്തുന്ന കാലാവധി (ആഴ്ചകളോ, മാസങ്ങളോ) ഓരോ സോണിലും പോർട്ടിൽ മൊത്തമായോ എത്ര എന്ന് പോർട്ട് കൺസർവേറ്റർ തീരുമാനിച്ചാൽ സംഘങ്ങൾ അത് നിർബന്ധമായും പാലിക്കേണ്ടതാണ്.

29. ടെണ്ടർ ലഭിച്ചശേഷം മാനവൽ ഡ്രഡ്ജിംഗ് പെർമിറ്റ് ലഭിക്കാൻ യോഗ്യതയുള്ള സംഘത്തിലെ മെമ്പർമാരല്ലാത്തവരെ മാനുവൽ ഡ്രഡ്ജിംഗിനുവേണ്ടി നിയോഗിച്ച് സൊസൈറ്റി ഒരു തൊഴിൽ ദായകനായി മാറിയാൽ പെർമിറ്റ് റദ്ദാക്കുന്നതാണ്

30. ഓരോ സോണിനും സ്വാഭാവികമാ യോ ഇതിനകം നിർമ്മിച്ചതുമായ ഒരു ജെട്ടിയും ( ജെട്ടി, വള്ളങ്ങൾ അടുക്കാനും പുഴയുടെ തീരം ഇടിയാതെ പരിസ്ഥിതി സൗഹൃദ രീതിയിൽ തടി കൊണ്ടു നിർമ്മിച്ചതും വാർഷിക ജെട്ടി സേഫ്റ്റി ഓഡിറ്റിനു വിധേയമാക്കിയതുമായിരിക്കണം ) ജെട്ടിയുടെ പുറകിലായി ഡ്രഡ്ജ്ഡ് മെറ്റീരിയൽ പുഴയിലേക്ക് വീണ്ടും വീഴാതെ സൂക്ഷിക്കാനാവശ്യമായ യാർഡും ഉണ്ടായിരിക്കണം .

31. ഒരു സോണിനു ഒരു സൊസൈറ്റി, ഒരു ജെട്ടി എന്ന നിലയിൽ ആയിരിക്കും അനുമതി നൽകുക

ഒരു സഹകരണ സംഘത്തിന് ഒരു സോൺ മാത്രമേ അനുവദിക്കുകയുള്ളൂ. എന്നാൽ മാനദണ്ഡങ്ങളനുസരിച്ച് യോഗ്യതയുള്ള സഹകരണ സംഘങ്ങൾ എല്ലാ സോണിനും ടെണ്ടറിൽ ലഭിച്ചില്ലെങ്കിൽ തൊട്ടടുത്ത സോണുകൾ ഏകോപിപ്പിച്ച് പോർട്ട് കൺസർവേറ്റർ തയ്യാറാക്കുന്ന ഡ്രഡ്ജിംഗ് പ്ലാൻ അനുസരിച്ച്, ടെണ്ടർ യോഗ്യത നേടിയ സംഘത്തിന് ഏകീകരിച്ച സോണിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്താൻ പെർമിറ്റ് നൽകുന്നതാണ്. ഇപ്രകാരം ഏകീകരിച്ച സോണിനും സുഗമമായ മോനിട്ടറിംഗിനും വേണ്ടി ഡ്രഡ്ജ്ഡ് മെറ്റീരിയൽ കരയടുപ്പിക്കാൻ ഒരു ജെട്ടി മാത്രമേ അംഗീകരിക്കുകയുള്ളൂ. ഇപ്രകാരം സോണുകൾ ഏകീകരിക്കേണ്ടി വന്നാൽ ടെണ്ടറിൽ പങ്കെടുത്ത മറ്റു സംഘങ്ങളിലെ തദ്ദേശവാസികളായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളുടെ ഉപജീവനാർത്ഥം, അത്തരം പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾക്ക് ഏകീകൃത സോണിൽ പെർമിറ്റ് ലഭിക്കുന്ന സൊസൈറ്റിയിൽ ചേരുന്നതിന് തടസമുണ്ടായിരിക്കുന്ന തല്ല.

32. മാന്വൽ ഡ്രഡ്ജിംഗിനെ സംബന്ധിച്ചുള്ള എല്ലാവിധ ആക്ഷേപങ്ങളും പരാതികളും നിവേദനങ്ങളും പ്രശ്ന പരിഹാരത്തിനായി ആദ്യം പോർട്ട് കൺസർവേറ്റർക്ക് നൽകുന്നതും പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ആദ്യത്തെ അപ്പീൽ മേഖലാതല പോർട്ട് ഓഫീസർക്കും ഒന്നാം അപ്പീലിലെ രേഖമൂലമുള്ള തീരുമാനത്തിൽ എതിർപ്പുണ്ടെങ്കിൽ രണ്ടാമത്തെ അപ്പീൽ പോർട്ട് ഡയറക്ടർക്കും നൽകാവുന്നതാണ് . രണ്ടാം അപ്പീലിൽ പോർട്ട് ഡയറക്ടർക്ക് ബന്ധപ്പെട്ടവരുടെ ഹിയറിംഗ് നടത്തി എടുക്കുന്ന തീരുമാനം അന്തിമമായി ബന്ധപ്പെട്ടവരെല്ലാം അംഗീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ് .
33. പോർട്ട് കൺസർവേറ്റർ തുറമുഖ പരിധിയുടെ മാപ്പിൽ / സ്കെച്ചിൽ എല്ലാ സോണുകളും അതിർത്തിതിരിച്ച് അടയാളപ്പെടുത്തി ഓരോ സോണിന്റേയും പേരും, ക്രമ നമ്പരും മാപ്പിൽ തന്നെ രേഖപ്പെടുത്തി നോട്ടീസ് ബോർഡിൽ ടെണ്ടർ റിലീസ് തീയതിയിൽ തന്നെ പ്രദർശിപ്പിക്കുന്നതാ ണ്.
34. ടെണ്ടർ നോട്ടീസും, ടെണ്ടർ ഫോമും, നിബന്ധനകളും പോർട്ടിന്റെ നോട്ടീസ് ബോർഡിലും പഞ്ചായത്ത് / മുനിസിപ്പാലിറ്റി , വില്ലേജ് ഓഫീസ് എന്നിവയുടെ നോട്ടീസ് ബോർഡിലും വാർഫ് / ജെട്ടി നോട്ടീസ് ബോർഡ് ഉണ്ടെങ്കിൽ അവിടങ്ങളിലും പ്രദർശിപ്പിക്കുന്നതാണ് . കൂടാതെ മറ്റ് ആവശ്യമായ, അനുയോജ്യമായ ലോക്കൽ പബ്ലിസിറ്റിയും തുറമുഖത്തിന്റെ 10 കിലോമീറ്ററിനുള ളിൽ പോർട്ട് കൺസർവേറ്റർ നൽകുന്നതാ ണ്.
35. മാനുവൽ ഡ്രഡ്ജിംഗ് മൂലം നദിയുടെ തീരത്തിനോ കണ്ടൽ കാടുകൾക്കോ പ്രദേശത്തെ ജൈവവൈവിധ്യത്തിനോ യാതൊരു കോട്ടവും ശബ്ദ/ പരിസര / അന്തരീക്ഷ മലിനീകരണമോ , സഹകരണ സംഘം വരുത്താൻ പാടുള്ളതല്ല. കൂടാതെ ഡ്രഡ്ജ് ചെയ്ത പദാർത്ഥങ്ങൾ റോഡു മാർഗ്ഗം കൊണ്ടു പോകുന്നതുമൂലം തദ്ദേശവാസികൾക്ക് മാർഗ്ഗ തടസങ്ങളോ പൊടിശല്യമോ ശബ്ദമലിനീകരണമോ ഉണ്ടാകാനോ പാടുള്ളതല്ല. എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങളോ പരിസര/അന്തരീക്ഷ മലിനീകരണമോ ശ്രദ്ധയിൽപ്പെട്ടാൽ പോർട്ട് കൺസർവേറ്റർ ഉടനടി പെർമിറ്റ് റദ്ദാക്കുന്നതാണ്.
36. ഇ-ഗവേണൻസ് വഴിയോ, തുറമുഖ വകുപ്പിന്റെ ബുക്കിംഗ് വഴിയോ ബുക്ക് ചെയ്യുന്ന ഗുണഭോക്താക്ക ൾക്ക് മുൻഗണന നൽകി കൊണ്ട് മാത്രമായിരിക്കണം തെരഞ്ഞെടുക്കപ്പെട്ട സൊസൈറ്റികൾ മണൽ വിതരണം ചെയ്യേണ്ടത്..

"ടെണ്ടറിൽ നൽകിയ വിവരങ്ങൾ സത്യസന്ധവും പൂർണ്ണവും ശരിയുമാണ്. എല്ലാ ആവശ്യമായ രേഖകളും കൃത്യമായി ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്തിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുന്നതാണ്. ടെണ്ടർ വ്യവസ്ഥകൾ സംഘത്തിലെ എതെങ്കിലും മെമ്പർമാരോ, സംഘം ചുമതലപ്പെടുത്തിയ ആളുകളോ, ഏജൻസികളോ ലംഘിച്ചാൽ താഴെ ഒപ്പിട്ടിരിക്കുന്നവർ അതിന് പൂർണ്ണ ഉത്തരവാദികളും അതിനുള്ള എല്ലാ നഷ്ടങ്ങളും നികത്താൻ തയ്യാറുമാണ്. മാന്വൽ ഡ്രഡ്ജിംഗ് ക്രമകേടുകൾ കണ്ടു പിടിക്കാതിരിക്കാനോ , ക്രമകേടുകളോ, ടെണ്ടർ നിബന്ധനകളുടെ ലംഘനമോ മൂലം പെർമിറ്റ് റദ്ദ് ചെയ്യാതിരിക്കാൻ വേണ്ടിയോ ബാഹ്യ ശക്തികളെ ഉപയോഗിച്ച് തുറമുഖ വകുപ്പിനെയോ വകുപ്പിലെ ഉദ്യോഗസ്ഥരെയോ സ്വാധീനിക്കാനോ തീരുമാനങ്ങൾ തങ്ങൾക്കനുകൂലമായി

മാറ്റിയെടുക്കാനോ ഒരിക്കലും ശ്രമിക്കുന്നതല്ലെന്നും സാക്ഷ്യപ്പെടുത്തുകയും ഉറപ്പ് നൽകുകയും ചെയ്യുന്നു.

ഒപ്പ് : 1. പ്രസിഡന്റ്
(പേരെഴുതി തീയതിയോടുകൂടി ഒപ്പ്)

2. സെക്രട്ടറി
(പേരെഴുതി തീയതിയോടുകൂടി ഒപ്പ്)

സഹകരണ സംഘത്തിലെ സീൽ

സ്ഥലം :..............................
തീയതി : .............................

---

OFFICE USE

I. ടെണ്ടർ നൽകിയ സഹകരണ സംഘത്തിന്റെ യോഗ്യതയെപ്പറ്റിയും (eligibility as per norms), ടെണ്ടർ നിരക്കുകളുടെ അനുയോജ്യതയെപ്പറ്റിയും, അനുവദിക്കാനുദ്ദേശിക്കുന്ന ക്വാണ്ടിറ്റിയെപ്പറ്റിയും മറ്റും പോർട്ട് കൺസർവേറ്ററുടെ തീരുമാനം

| | |
|---|---|
| (a) സൊസൈറ്റിക്ക് വേണ്ട യോഗ്യത | യോഗ്യതയുണ്ട് / യോഗ്യത ഇല്ല |
| (b) നിരക്കുകളുടെ സ്വീകാര്യത (reasonableness) | വേണ്ടത്ര/താഴ്ന്ന |
| (c) മേഖലകൾക്കു വേണ്ടി തിരഞ്ഞെടുത്തുവോ | ഉണ്ട്/ ഇല്ല |
| (d) തിരഞ്ഞെടുത്തില്ലെങ്കിൽ പ്രധാന കാരണങ്ങൾ | |
| (e) തിരഞ്ഞെടുത്ത മേഖലയുടെ പേരും നമ്പരും | |
| (f) പ്രത്യേക വ്യവസ്ഥ 15- അനുസരിച്ച് സംഘത്തിന് സംഘത്തിന്റെ മെമ്പർഷിപ്പ് ലിസ്റ്റിലെ മണൽ വാരൽ തൊഴിലായി നൽകിയിട്ടുള്ള തദ്ദേശവാസികളായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളാൽ ഒരു മാസം നീക്കാൻ സാധിക്കുന്ന മണലിന്റെ അളവ് (ടണ്ണിൽ) | |
| (g) തിരഞ്ഞെടുക്കപ്പെടുന്ന സംഘത്തിന് ഇ-ഗവേണൻസ് പരിശീലനം നൽകുന്ന തീയതി : | |
| (h) സംഘവുമായി എഗ്രിമെന്റു വയ്ക്കാനുദ്ദേ ശിക്കുന്ന തീയതി | |
| (I) സംഘം താൽക്കാലികമായി മാനദണ്ഡങ്ങളനുസരിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ജെട്ടിയുടെ സേഫ്റ്റി ഓഡിറ്റ് നടത്താൻ ഉദ്ദേശിക്കുന്ന തീയതി | |
| (j) പോർട്ടിലെ എല്ലാ ജെട്ടികളിൽ നിന്നുള്ള എല്ലാ സംഘങ്ങളുടെയും ഏകീകൃത വില്പന വില ടണ്ണിന്. | |
| (k) പോർട്ടിലേക്ക് തിരഞ്ഞെടുത്ത സംഘങ്ങൾ എല്ലാ ചിലവുകളും, മറ്റും കിഴിച്ച് ടണ്ണിന് പോർട്ടിന്റെ അ ക്കൌണ്ടിൽ അടയ്ക്കേണ്ട ഏകീകരിച്ച തുക/ രൂപ | |
| (l) സംഘത്തെയോ, സോണിനെപ്പറ്റിയോ പ്രത്യേക പരാമർശങ്ങൾ ( Remarks) | |

**പോർട്ട് കൺസേവേറ്ററുടെ പേരും, ഒപ്പും തീയതിയും**

II. ടെണ്ടർ നൽകിയ സഹകരണ സംഘത്തിന്റെ യോഗ്യതയെപ്പറ്റിയും പോർട്ടിലെ ടെണ്ടർ നിരക്കുകളുടെ അനുയോജ്യതയെപ്പറ്റിയും , പെർമിറ്റ് നൽകാനുദ്ദേശിക്കുന്ന ക്വാണ്ടിറ്റിയെപ്പറ്റിയും മറ്റും പോർട്ട് ഓഫീസറുടെ തീരുമാനം

| | |
|---|---|
| (a) പോർട്ട് കൺസർവേറ്ററുടെ തീരുമാനങ്ങളിൻ മേലുള്ള അഭിപ്രായം | യോജിക്കുന്നു / വിയോജിക്കുന്നു. |
| (b) മൊത്തം തുറമുഖ പരിധിയിൽ മാനുവൽ ഡ്രഡ്ജിംഗ് വഴി നീക്കം ചെയ്യാൻ പെർമിറ്റ് നൽകാനുദ്ദേശിക്കുന്ന അളവ് annual sedimentation തോതിന് തുല്യമാണോ. ഈ അളവ് നിശ്ചയിക്കുന്നതിനും, സോണിന്റെ ആഴം നിശ്ചയിക്കുന്നതിനും, ശാസ്ത്രീയ അടിത്തറയും ആവശ്യകതയും ഉണ്ടായിരിക്കണം. | Quantity allotted to each zone for manual dredging is correct/not correct |
| (c) ശരിയല്ലെങ്കിൽ ബി തിരുത്തുക. ഈ സംഘത്തിന് ഈ മേഖലയിൽ (സോണിൽ) ഒരു മാസം വാരാവുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയലിന്റെ അളവ് (ടൺ) | |
| (d) എയ്ച്ചി അഞ്ച് ബയോഡൈവേഴ്സിറ്റി ഉദ്ദേശങ്ങളും 20 ടാർഗറ്റുകളും (Aichi biodiversity targets of UN) ലംഘിക്കാതെ തിരഞ്ഞെടുത്ത സംഘത്തിന് പെർമിറ്റ് നൽകുന്ന സോണിൽ, പെർമിറ്റ് ചെയ്യുന്ന അളവ് (quantity) മാനുവൽ ഡ്രഡ്ജിംഗ് നടത്താനും പ്രസ്തുത പ്രവൃത്തി പോർട്ട് കൺസർവേറ്റർക്ക് കാര്യക്ഷമമായി മോനിറ്റർ ചെയ്യുവാനും സാധിക്കുമോ ? | സാധിക്കും / ഇല്ല |
| (e)ഈ സോണിലെ തിരഞ്ഞെടുത്ത സംഘത്തിന് മാനദണ്ഡങ്ങളനുസരിച്ച് പൂർണ്ണയോഗ്യതയുണ്ടോ | ഉണ്ട് / ഇല്ല |
| (f) ഈ സംഘത്തെ തിരഞ്ഞെടുക്കുന്ന സോണിലെ തിരഞ്ഞെടുക്കപ്പെടാത്ത മറ്റു സംഘങ്ങളെ തിരഞ്ഞെടുക്കാതിരിക്കാനുള്ള കാരണങ്ങൾ പരിശോധിച്ച് വ്യക്തത വരുത്തിയോ ? | ടെണ്ടറിൽ പങ്കെടുത്ത മറ്റു സംഘങ്ങളെ ഈ സോണിന് വേണ്ടി തിരഞ്ഞെടുക്കാതി ക്കാൻ വ്യക്തമായ കാരണങ്ങൾ ഉണ്ട് /ഇല്ല |
| (g) തിരഞ്ഞെടുക്കാതിരിക്കാനുള്ള കാരണങ്ങൾ [Office use 'i-d'- യിൽ] പരാമർശിച്ചിരിക്കുന്നത് ശരിയാണോ ? | ആണ് / അല്ല |
| (h) ടെണ്ടറും ടെണ്ടർ നടപടികളും, നിരക്കുകളും മറ്റു സർക്കാർ നിർദ്ദേശങ്ങൾ പൂർണമായി പാലിച്ചാണോ ? | ആണ് / അല്ല |
| (i) അല്ലെങ്കിൽ പരിഹാര മാർഗങ്ങൾ എന്ത് | |
| (j)പരിഹാര മാർഗങ്ങൾ ആര്, എന്ന്, എങ്ങനെ സ്വീകരിക്കണം | ------------------------------------------------------<br>------------------------------------------------------<br>-------------------------------------------------- |

**പോർട്ട് ഓഫീസറുടെ പേരും ഒപ്പും, തീയതിയും**